പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1514

15.02.2016-ൽ മറുപടിക്ക്

## അമൃത് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ; | (എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ. |
| (ബി) ഈ പദ്ധതി പ്രകാരം പ്രസ്തുത നഗരങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് കൈവരിക്കുവാൻ സാധിക്കുകയെന്നുള്ളത് വ്യക്തമാക്കുമോ; | (ബി) കുടിവെള്ള വിതരണം, മാലിന്യജല നിർഗ്ഗമന ഓടകളുടെ നിർമ്മാണം, മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ, പൊതുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ഗ്രീൻസ്പെയ്സുകളും പാർക്കുകളും ഒരുക്കിനൽകൽ എന്നിങ്ങനെയുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ അമൃത് പദ്ധതിയിലൂടെ മേൽപ്പറഞ്ഞ നഗരങ്ങൾക്ക് സാധിക്കും. |
| (സി) ഈ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്ഥാപന വിഹിതം എത്രയാണെന്നും ഈ പദ്ധതിയ്ക്കായി കേന്ദ്ര വിഹിതമായി എത്ര തുകയാണ് ലഭ്യമാകുകയെന്നും വിശദമാക്കുമോ ? | (സി) സംസ്ഥാനത്തെ അമൃത് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്ഥാപന വിഹിതം 50:30:20 ശതമാനമായാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര നഗരകാര്യ വകുപ്പിന്റെ അപ്പക്സ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ള 587.48 കോടി രൂപയുടെ അമൃത് പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം 287.98 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ